# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1212** | **12.06.2014 ൽ മറുപടിക്ക്**

### നെല്ലുസംഭരണം

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ. മോൻസ് ജോസഫ്: | **ശ്രീ. അനൂപ് ജേക്കബ്**<br>**(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി)** |
| (എ) നെല്ലുസംഭരണവുമായി ബന്ധപ്പെട്ട് 2013-14 വർഷത്തിൽ സപ്ലൈകോ കർഷകർക്ക് നൽകാനുള്ള കുടിശ്ശിക എത്ര രൂപയാണെന്ന് വ്യക്തമാക്കുമോ; കുടിശ്ശിക എന്ന് കൊടുത്തുതീർക്കുമെന്ന് വ്യക്തമാക്കുമോ; | (എ) 2013-14 രണ്ടാം സീസണിൽ സംഭരിച്ച നെല്ലിന്റെ വിലയായി ഇനി ഏകദേശം 350 കോടി രൂപ കർഷകർക്ക് നൽകുവാനുണ്ട്. ഇത് ജൂലൈ മാസത്തോടുകൂടി കൊടുത്തു തീർക്കുന്നതാണ്. |
| (ബി) നെല്ലുസംഭരണത്തിനു വേണ്ടിയുള്ള സംസ്ഥാന വിഹിതം എത്ര; കേന്ദ്രവിഹിതം എത്ര എന്നറിയിക്കുമോ; | (ബി) 03.03.2014 മുതൽ കിലോ ഗ്രാമിന് 19 രൂപ നൽകിയാണ് കർഷകരിൽ നിന്ന് സപ്ലൈകോ നെല്ല് സംഭരിക്കുന്നത്. ഇതിൽ 13 രൂപ 10 പൈസ കേന്ദ്ര വിഹിതവും 5 രൂപ 90 പൈസ സംസ്ഥാന വിഹിതവുമാണ്. |
| (സി) നെല്ലുസംഭരണ സമയത്തുതന്നെ കർഷകർക്ക് ആയതിന്റെ തുകയും നൽകുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) 350 കോടി രൂപയുടെ ഒരു റിവോൾവിംഗ് ഫണ്ട് സംവിധാനം ഏർപ്പെടുത്തുന്നതിനായി സപ്ലൈകോ സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരുന്നു. |

Beena

**സെക്ഷൻ ഓഫീസർ**